**കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ**
കോർപ്പറേഷൻ ഓഫീസ് കൊല്ലം, പിൻ – 691 001
ഫോൺ : 0474-2742192, 2746193, 2741381, ഫാക്സ് : 0474-2742724
Email: secretarykollam@gmail.com

---

നം. 1174625 -2024 തീയതി. 25.07.2024

പ്രേഷകൻ

സെക്രട്ടറി
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ.

സ്വീകർത്താവ്

ബഹു. ജില്ലാ ജോയിന്റ് ഡയറക്ടർ
കൊല്ലം

വിഷയം- കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ - ഇരവിപുരം സോണൽ- കെട്ടിടനികുതിയുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കുന്നത്- സംബന്ധിച്ച്.

സൂചന-1) ശ്രീ മുഹമ്മദ് ഷാഫി ബഹു മുഖ്യമന്ത്രിയുടെ നവകേരള സദസ് മുമ്പാകെ സമർപ്പിച്ച K L M 1250365/24 നമ്പർ പരാതി
2) അങ്ങയുടെ 12/06/2024-ലെ LSGD/JD/KLM/8157/2023-D6 നമ്പർ കത്ത്
3) ഇരവിപുരം കോർപ്പറേഷൻ അസ്സി. എൻജിനീയറുടെ റിപ്പോർട്ട്

സൂചന (1) പ്രകാരം ശ്രീ മുഹമ്മദ് ഷാഫി നവകേരള സദസിൽ നൽകിയ പരാതിയിൽമേൽ സ്വീകരിച്ച റിപ്പോർട്ട് ഇതോടൊപ്പം ചേർത്ത് അയച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

കോർപ്പറേഷൻ സെക്രട്ടറി
കൊല്ലം

for SINDHU C.O.
Charge Officer
Eravipuram Zonal
Kollam Municipal Corporation

MUNICIPAL CORPORATION KOLLAM

T 5

## ശ്രീ. മുഹമ്മദ് ഷാഫിയുടെ പരാതിയിന്മേലുള്ള റിപ്പോർട്ട്

കൊല്ലം മുൻസിപ്പൽ കോർപറേഷൻ ഇരവിപുരം സോണൽ പരിധിയിൽ കയ്യാലക്കൽ വാർഡിൽ ശ്രീ മുഹമ്മദ് ഷാഫിയുടെ ഉടമസ്ഥതയിൽ അഞ്ചു കെട്ടിടങ്ങൾ ആണ് നിലവിലുള്ളത് ആയതിൽ പാർപ്പിട ആവശ്യത്തിനുള്ള 122.64 മീ. തറ വിസ്തീർണ്ണം വരുന്നതും 2016 ൽ പൂർത്തീകരിച്ച കെട്ടിടത്തിന് KMC 35/880 എന്ന കെട്ടിട നമ്പർ നൽകി നികുതി നിർണയം നടത്തിയിട്ടുള്ളതും, ശ്രീ മുഹമ്മദ് ഷാഫി ടി കെട്ടിടത്തിന്റെ നികുതി ഒടുക്കി വരുന്നതുമായിരുന്നു. തുടർന്ന് ടിയാൻ ടി കെട്ടിടത്തിനോട് ചേർന്ന് നഗരസഭയുടെ അനുമതി ഇല്ലാതെ 12.sqm കൂടി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ളതും ആയതിന് 2010 WEF വച്ചാണ് (135.40M) ക്രമവത്കരണം നൽകി അനുമതി നൽകിയത്. 2016-ൽ പൂർത്തീകരിച്ച കെട്ടിടത്തിന് 12sqm കൂട്ടിച്ചേർക്കലുകൾ വരുത്തിയപ്പോൾ 2010 WEF വച്ച് ക്രമവത്കരണ തീയതി വന്നതിനാലാണ് ടിയാൻ മേൽ സൂചന (1) (2) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ നവകേരള സദസിൽ പരാതി നൽകിയത്. ടി പരാതിയുടെ അടിസ്ഥാനത്തിൽ ഇരവിപുരം അസ്സി. എൻജിനിയർ പരിശോധിക്കുകയും ആയത് തെറ്റായി സംഭവിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതിൻ പ്രകാരം സൂചന (3)പ്രകാരം 2016 WEF മുതൽ നികുതി അസ്സസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതും ആയത് പ്രകാരം ടി കെട്ടിടത്തിന്റെ (പരാതിക്കാസ് പദമായ ) പൂർത്തീകരണ തീയതിയിൽ തിരുത്തൽ വരുത്തിയിട്ടുള്ളതും ആയതു പ്രകാരമുള്ള നികുതി തുക 26/06/2024 ടിയാൻ ഒടുക്കി പ്രശ്നം പരിഹരിച്ചിട്ടുള്ളതുമാണെന്ന വിവരം അങ്ങയെ അറിയിച്ചു കൊള്ളുന്നു. കൂടാതെ ടിയാന്റെ ഉടമസ്ഥതയിലുള്ള മറ്റു നാല് കെട്ടിടങ്ങൾക്കും നികുതി കുടിശിക ഇല്ലാത്തതാണെന്നുള്ള വിവരം കൂടി അറിയിച്ചു കൊള്ളുന്നു.

സെക്രട്ടറി

for കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

SINDHU C.O.
Charge Officer
Eravipuram Zonal
Kollam Municipal Corporation